# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് - തിരുവനന്തപുരം ഹിൽ ഹൈവേ</u>

4455 ശ്രീ. സണ്ണി ജോസഫ്
,, കെ. മുരളീധരൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - തിരുവനന്തപുരം ഹിൽ ഹൈവേക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി സമഗ്രമായ റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) ഇതിനുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഹരിത നിർമ്മാണനയം</u>

4456 ശ്രീ. ഷാഫി പറമ്പിൽ
'' ഡൊമിനിക് പ്രസന്റേഷൻ
'' ജോസഫ് വാഴക്കൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹരിത നിർമ്മാണ നയം നടപ്പാക്കുന്ന പദ്ധതിക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഊര്‍ജ്ജസംരക്ഷണവും ഹരിതനിര്‍മ്മാണവും

4457 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഊര്‍ജ്ജസംരക്ഷണത്തില്‍ ഹരിത നിര്‍മ്മാണപ്രവര്‍ത്തനങ്ങളുടെ പ്രസക്തി എന്താണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2013–ലെ മറുപടിക്ക്**

<u>നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള പൊതുമരാമത്ത് സെക്ഷന്‍ ഓഫീസുകളുടെ പുന:സംഘടന</u>

4458 ശ്രീ. പി. എ. മാധവന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, ഹൈബി ഈഡന്‍
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള പൊതുമരാമത്ത് സെക്ഷന്‍ ഓഫീസുകളുടെ പുന:സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്;

(ബി) എന്തെല്ലാം സഹായങ്ങളാണ് ഇതിന്വേണ്ടി ലഭിക്കുന്നത്?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>നാബാർഡിന്റെ സാമ്പത്തിക സഹായം</u>

4459 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് നബാർഡിന്റെ സാമ്പത്തിക സഹായമായി 2013-2014 വർഷത്തിൽ എന്തു തുകയാണ് ലഭിക്കുന്നത് ;

(ബി) ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നബാർഡിന്റെ സഹായം ലഭിക്കുക എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന വായ്പകൾ

4460 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം വിദേശ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയെന്നും ഏതെല്ലാം കരാർ ഒപ്പിട്ടു എന്നും വിശദമാക്കുമോ;

(ബി) ഏതു പദ്ധതിയ്ക്കാണ് വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തിനായി സമീപിച്ചിട്ടുള്ളതെന്നും എന്തു തുകയ്ക്കാണ് സഹായം തേടുന്നതെന്നും അറിയിക്കുമോ;

(സി) വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തിനായി പദ്ധതികൾ തെരെഞ്ഞെടുക്കുന്നതിനും സമർപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശ ധനസഹായം/വായ്പ സ്വീകരിക്കുന്നതിനായി ഒപ്പിട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത വായ്പകൾക്ക് പലിശ എത്രയാണെന്നും തിരിച്ചടവ് നിബന്ധന എന്താണെന്നും പദ്ധതി തിരിച്ചുള്ള വിവരം നൽകുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

കോഴിക്കോട് മോണോ റെയിൽ പദ്ധതി

4461 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയത് ഏത് ഏജൻസിയാണ്;

(ബി) ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(സി) ഈ പദ്ധതിക്കുള്ള പണം, ഏത് വിധത്തിലാണ് സ്വരൂപിക്കുന്നത്;

(ഡി) ഈ പദ്ധതിക്ക് പണം വായ്പയെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക;

(ഇ) വായ്പ തിരിച്ചടക്കാൻ പ്രോജക്റ്റ് വിഭാവനം ചെയ്യുന്ന മാർഗം എന്താണ്;

(എഫ്) ഈ പ്രോജക്റ്റിനായി, യാത്രക്കാരിൽ നിന്നല്ലാതെ, നഗരവാസികളിൽ നിന്നും തുക പിരിച്ചെടുക്കാൻ നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഒരു വർഷം എത്ര തുക പിരിക്കേണ്ടി വരും?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ആർ. ബി. ഡി. സി. കെ. യുടെ ചുമതലയിൽ മേൽപ്പാല നിർമ്മാണം

4462 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള യുടെ ചുമതലയിൽ ഇപ്പോൾ എത്ര മേൽപ്പാലങ്ങൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും ഇവ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

4463

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിലേക്കായി എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടിക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നാഷണൽ ഹൈവേ വികസനം സാദ്ധ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ദേശീയപാത നിലവാരത്തിലേക്ക് ഉയർത്തുന്ന സംസ്ഥാനത്തെ ഹൈവേകൾ

4464 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ഹൈവേകൾ ആണ് ദേശീയ പാത നിലവാരത്തിലേക്ക് ഉയർത്തുന്നത് എന്നറിയിക്കാമോ ;

(ബി) നാഷണൽ ഹൈവേ അതോറിറ്റിയുമായി ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; എത്ര തുകയാണ് ഇതിന് ചെലവ് ഇനത്തിൽ കണക്കാക്കുന്നത് ;

(സി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ചേർത്തല-കഴക്കൂട്ടം നാലുവരി പാതയുടെ സ്ഥലമെടുപ്പ് പുരോഗതി ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കൊല്ലം തേനി ദേശീയ പാതയുടെ നിർമ്മാണ പ്രവർത്തനം</u>

4465 ശ്രീ. പി.കെ.ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം തേനി ദേശീയ പാതയുടെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) എങ്കിൽ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത വർക്കിന് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) നിർമ്മാണ പ്രവർത്തനം സംബന്ധിച്ചുളള വിശദാംശം ലഭ്യമാക്കുമോ:

(ഡി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കൊല്ലം ബൈപാസ്സ് നിർമ്മാണം</u>

4466 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ബൈപാസ്സ് നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റുമായി ഉണ്ടാക്കിയ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ബൈപാസ്സ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എന്തുതുകയുടെ എസ്റ്റിമേറ്റാണ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്;

(ഇ) ബൈപാസ്സ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരം - കൊട്ടാരക്കര റൂട്ടിൽ ബൈപ്പാസ് റോഡ് നിർമ്മാണം

4467 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിൽ, തിരുവനന്തപുരം - കൊട്ടാരക്കര റൂട്ടിൽ വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി പിരപ്പൻകോട് നിന്നും ആരംഭിച്ച് കീഴായിക്കോണത്ത് എം. സി. റോഡിൽത്തന്നെ വന്നുചേരുന്ന ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം മുഖ്യമന്ത്രിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത റൂട്ടിൽ അടിയന്തിരമായി ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

തീരദേശ ഇടനാഴി

4468 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' കെ. അച്ചുതൻ
'' വി. പി. സജീന്ദ്രൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ഇടനാഴിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തെല്ലാം സഹായമാണ് ഇതിന് വേണ്ടി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

വൈപ്പിൻ - പള്ളിപ്പുറം തീരദേശ ഹൈവെ

4469 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച് 17ൽ മൂത്തകുന്നത്തു നിന്നും വൈപ്പിൻ തീരദേശത്തു കൂടി വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വരെയുള്ള കണക്ടിവിറ്റി റോഡായ നർദ്ദിഷ്ട വൈപ്പിൻ - പള്ളിപ്പുറം തീരദേശ ഹൈവെ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നാഷണൽ ഹൈവെ അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും മുൻകൈ എടുക്കുമോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>കെ.എസ്. റ്റി. പി. പദ്ധതിയിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ</u>

4470

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. റ്റി. പി. പദ്ധതിയിൽ ഉൾപ്പെട്ട ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന്റെയും, കണ്ണിയംപുറം പാലത്തിന്റെയും പുനർ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ എന്നാരംഭിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ പുനർ നിർമ്മാണത്തിനായുള്ള ഡി. പി. ആർ തയ്യാറാക്കിയോ; അതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഗതാഗത തിരക്ക് പരിഹരിക്കാൻ നടപടി</u>

4471 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഗതാഗത തിരക്കും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി ഒരു സമഗ്ര റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) പദ്ധതി കൊണ്ട് എന്തൊക്കെയാണ് വിഭാവനം ചെയ്യുന്നത്;

(ഡി) ഇതിനുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനഃരുദ്ധാരണ പദ്ധതി</u>

4472 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനഃരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12, 2012-13 വർഷങ്ങളിൽ എത്ര റോഡുകളുടെ പുനഃരുദ്ധാരണത്തിനാണ് ഭരണാനുമതി നൽകിയത് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം റോഡുകള്ളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിന്ന് സാമാജികർ മുഖേന സമർപ്പിക്കപ്പെട്ട റോഡുകൾ ഏതെല്ലാം;

(ഡി) ഇതിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഗ്രാമീണ റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി

4473 ശ്രീ. ആർ. സെൽവരാജ്
,, സി.പി. മുഹമ്മദ്
,, എ.പി. അബ്ദുള്ളക്കുട്ടി
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ ഉന്നതനിലവാരത്തിലേക്ക് എത്തിക്കുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>റോഡുവികസനത്തിന് ആധുനിക മാർഗ്ഗങ്ങൾ</u>

4474

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് മൊത്തത്തിൽ എത്ര കിലോമീറ്റർ റോഡുകളുടെ വികസനമാണ് നടന്നിട്ടുള്ളത്; തരം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) റോഡുവികസനത്തിനായി ആധുനിക മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പുതിയ പദ്ധതികൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവല്‍ക്കരണം</u>

4475 ശ്രീ. വര്‍ക്കല കഹാര്‍
,, കെ. ശിവദാസന്‍ നായര്‍
,, എം. പി. വിന്‍സെന്റ്
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍ ഉന്നതനിലവാരത്തിലേയ്ക്ക് എത്തിക്കുവാന്‍ പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്;

(സി) എന്തെല്ലാം സഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഇ-ടെണ്ടറിങ്ങ്

4476 ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് സുതാര്യവും കാര്യക്ഷമവുമാക്കാൻ ഇ-ടെണ്ടറിങ്ങിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തെല്ലാം സഹായമാണ് ഇതിന് ലഭിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഇ-പെയ്മെന്റ് സംവിധാനം</u>

4477 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് സുതാര്യവും കാര്യക്ഷമവുമാക്കാൻ ഇ-പെയ്മെന്റ് സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം സഹായമാണ് ഇതിനുവേണ്ടി ലഭിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ</u>

4478 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളളിക്കുന്നു ഈരിക്കൽ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പി.എം.ജി.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നിലവിലിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുറത്തികാട് പോലീസ് സ്റ്റേഷൻ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ; പ്രസ്തുത കെട്ടിട നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ആവശ്യമായ സ്ഥലം പൂർണ്ണമായി ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുളള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവൃത്തികൾ</u>

4479 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറനാട് എരുമക്കുഴി (പാറ) റോഡ് ബി.എം.ബി.സി മാതൃകയിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ചാരുംമൂട് - കൊച്ചാലുംമൂട് റോഡ് ബിഎം.ബി.സി. മാതൃകയിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇരപ്പൻപാറ പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വള്ളിക്കുന്നം കൽക്കുളത്താൽ പാലം പുനർ നിർമ്മിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനു കീഴിലെ</u>
<u>കല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ</u>

4480 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനു കീഴിൽ ഭാരണാനുമതി ലഭിച്ചതും, നിർമ്മാണം പൂർത്തിയാക്കിയതും, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

4481 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എൽ.എ.സി. എ.ഡി.എഫ്. പ്രവൃത്തികളൊഴികെയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് റോഡ്സ്, ബിൽഡിംഗ്സ് ബ്രിഡ്ജസ് (അയിലം പാലം) വിഭാഗം തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കും ഇതുവരെ എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും എന്നത്തേക്കാണ് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് പ്രവൃത്തികൾ</u>

4482

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നല്കി; 1-7-2011 മുതൽ 31-3-2013 വരെയുള്ള കാലയളവിൽ എത്ര തുകയ്ക്കുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്;

(ബി) ഓരോ പ്രവൃത്തിയുടെയും പേരും, തുകയും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തി</u>

4483 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ എത്ര റോഡുകൾക്ക് എന്തു തുക വീതം നീക്കി വെച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഏതൊക്കെ റോഡുകളുടെ പ്രവൃത്തി നടന്നുവരുന്നുണ്ടെന്നും ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>മാൻഹോളുകൾ അപകടരഹിതമായി സ്ഥാപിക്കുന്നതിന് നടപടി</u>

4484

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ യാത്രക്കാരുടെ ജീവന് ഭീഷണിയായി മാൻഹോളുകൾ ഉയർന്നുനില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇരുചക്ര - മുച്ചക്ര വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ ഇതുമൂലം അപകടത്തിൽപ്പെട്ടതായുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മാൻഹോളുകൾ നീക്കം ചെയ്യുന്നതിനോ അപകടരഹിതമായി സ്ഥാപിക്കുന്നതിനോ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>റോഡുകളിൽ ഹമ്പുകൾ</u>

4485 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എച്ച്. 38-ൽ മെക്കാഡം പ്രവർത്തികൾ പൂർത്തിയായ സ്ഥലങ്ങളിൽ എത്ര ഹമ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റോഡുകളിൽ ഹമ്പുകൾ സ്ഥാപിക്കുന്നതിന് ബഹു: ഹൈക്കോടതി എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഹമ്പുകൾ സ്ഥാപിച്ചത് പൊളിച്ചുമാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

## തിരുവനന്തപുരം നഗരത്തിലെ ഫുട്ട് പാത്ത് നിർമ്മാണം

4486 ശ്രീ.എം.എ.വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ സി.ആർ.ഐ.പി യുടെ കീഴിൽ പണി പൂർത്തിയാക്കിയ റോഡുകളുടെ ഫുട്ട്പാത്ത് നിർമ്മാണം മരങ്ങൾ വെട്ടി മാറ്റാത്തതു കാരണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) മുറിഞ്ഞപാലം- കുമാരപുരം റോഡരുകിൽ മരങ്ങൾ നിൽക്കുന്നതു കാരണം ഫുട്ട്പാത്തിന്റെ പണി പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ ഇരുവശത്തുമുള്ള ഫുട്ട്പാത്തുകളിൽ നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റാത്തതു മൂലം കാൽനടയാത്രക്കാർക്കും റോഡിന്റെ ഇരുവശങ്ങളിൽ താമസിക്കുന്ന വീട്ടുകാർക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മരങ്ങൾ മുറിയ്ക്കുവാൻ നിയമതടസ്സമുണ്ടെങ്കിൽ അവ നിലനിർത്തികൊണ്ട് ഫുട്ട്പാത്തുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിൽ വരേണ്ട റോഡുകൾ</u>

4487 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിൽ വരേണ്ട റോഡുകൾ കിളിമാന്നൂർ, വർക്കല എന്നീ സെക്ഷനുകളുടെ പരിധിയിലും തിരുവനന്തപുരം റോഡ്സ് ഡിവിഷന്റെ നിയന്ത്രണത്തിലും ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും ഉണ്ടാകുന്ന കാലതാമസവും സാങ്കേതിക ബുദ്ധിമുട്ടുകളും ഒഴിവാക്കുവാൻ പ്രസ്തുത റോഡുകൾ കൊല്ലം റോഡ്സ് ഡിവിഷന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പുള്ള് - മനക്കൊടി റോഡ് വിജ്ഞാപനം</u>

4488 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ പുള്ള് - മനക്കൊടി റോഡ് പ്രവൃത്തി പൂർത്തിയാക്കി പി.ഡബ്ള്യൂ.ഡി വിജ്ഞാപനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം അറിയിക്കുമോ ;

(ബി) പ്രസ്തുത റോഡിൽ ബസ്സ് സർവ്വീസ് ഉടൻ അനുവദിക്കാൻ കഴിയുംവിധം വേഗത്തിൽ പി.ഡബ്ള്യൂ.ഡി വിജ്ഞാപനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

വയനാട് ചുരം റോഡിന് ബദൽ റോഡ് നിർമ്മാണം

4489 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരം റോഡിന് ബദൽ റോഡ് നിർമ്മിക്കുന്നതിന് ഏതെല്ലാം പ്രൊപ്പോസലുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഈ റോഡുകൾ വികസിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

കോഴിക്കോട് നഗരത്തിലെ റോഡുകളുടെ വീതികൂട്ടൽ

4490

ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ മെഡിക്കൽ കോളെജ് - കാരന്തൂർ, കാരപ്പറമ്പ് - ബാലുശ്ശേരി റോഡുകൾ വീതികൂട്ടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഈ റോഡുകൾ വീതികൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട ഫയലുകൾ ഏത് ഓഫീസിലാണെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഇരിട്ടി കേളൻപീടിക - മട്ടിണി - നെരങ്ങംചിറ്റ - വള്ളിത്തോട് റോഡിന്റെ നിർമ്മാണം</u>

4491 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി പി.ഡബ്ല്യു.ഡി. സെക്ഷൻ പരിധിയിലുള്ള കേളൻപീടിക - മട്ടിണി - നെരങ്ങംചിറ്റ - വള്ളിത്തോട് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം അറിയിക്കുമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ മണ്ഡലത്തിലെ റോഡുകൾ</u>

4492 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം തൃക്കരിപ്പൂർ മണ്ഡലത്തിലെ എത്ര റോഡുകൾ പി. ഡബ്ല്യു. ഡി. ഏറ്റെടുത്തിട്ടുണ്ടെന്നും ഇവ ഏതൊക്കെയെന്നും എത്ര കിലോമീറ്ററാണ് ആകെ ഏറ്റെടുത്തതെന്നും വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് റോഡുകൾ</u>

4493 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (സി.ആർ.ഐ.പി.) പ്രകാരം മലപ്പുറം നഗരത്തിലെ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വിൽബർസ്മിത്ത് കമ്പനി രൂപരേഖയും റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>അടൂർ നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ നിർമ്മാണ പുരോഗതി</u>

4494

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിൽ ഇക്കഴിഞ്ഞ രണ്ടു വർഷമായി എത്ര പി.ഡബ്ല്യു.ഡി. റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും എന്തു തുക വീതമാണെന്നുമുള്ള വിവരം അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിലവിലുള്ള നിർമ്മാണ പുരോഗതി അറിയിക്കുമോ;

(സി) ഈ റോഡുകളിൽ കരാർ കാലാവധി അവസാനിച്ച റോഡുകളുണ്ടെങ്കിൽ ആയവയുടെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അടൂർ നിയോജകമണ്ഡലത്തിലെ റോഡുകൾക്ക് ഭരണാനുമതി</u>

4495 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പത്തനംതിട്ട ജില്ലയിൽ ഗ്രാമീണ റോഡ് വികസനപദ്ധതിക്കായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അടൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകൾക്ക് എന്തു തുക വീതം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടെന്നറിയിക്കുമോ;

(സി) അനുബന്ധ റോഡുകളുടെ നിലവിലുള്ള നിർമ്മാണപുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ദേശീയപാതയിലെ പൂളാടിക്കുന്നു മുതൽ വെങ്ങളം വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ നടപടി

4496 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ദേശീയപാത ബൈപ്പാസിൽ പൂളാടിക്കുന്ന് മുതൽ വെങ്ങളം വരെയുള്ള ഭാഗത്ത് 5 കി. മീ റോഡിന്റെ പ്രവൃത്തി തുടങ്ങാനുള്ള എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള ദേശീയപാതയിലെ പൂളാടിക്കുന്നു മുതൽ വെങ്ങളം വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി സംസ്ഥാന സർക്കാർ ഏറ്റെടുക്കുമോ എന്നു വ്യക്തമാക്കുമോ;

(സി) ഏറ്റെടുക്കുമെങ്കിൽ പണി പൂർത്തിയാക്കാൻ എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ; പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ

4497

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള കൊയിലാണ്ടി ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ; അടിയന്തിരമായി ഈ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ആസ്തി വികസന ഫണ്ടിൽ നിന്നും നടപ്പിലാക്കുന്ന കൊയിലാണ്ടി കോടതി കെട്ടിടത്തിന്റെ നിർമ്മാണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; ഈ പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ നബാർഡ് സഹായത്തോടെയുള്ള പ്രവൃത്തികൾ</u>

4498 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നിലവിൽ നബാർഡ് സഹായത്തോടെ പൊതുമരാമത്ത് വകുപ്പിനുകീഴിൽ എത്ര പ്രവൃത്തികൾ നടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തികളുടെയും വിശദാംശങ്ങളും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും ഓരോ പ്രവൃത്തിക്കും എന്തു തുക നീക്കി വച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ബേപ്പൂർ മണ്ഡലത്തിലെ വെസ്റ്റ് നല്ലൂർ ആർ. ഒ. ബി. നിർമ്മാണം</u>

4499 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ വെസ്റ്റ് നല്ലൂർ ആർ. ഒ. ബി. നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്;

(ബി) ഈ പ്രോജക്റ്റിന്റെ നിർമ്മാണ പ്രവർത്തനത്തിന് എത്ര പണം നല്കിയിട്ടുണ്ട്;

(സി) ഈ പ്രോജക്റ്റിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാവും; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സുൽത്താൻതോട് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പുനർനിർമ്മാണം</u>

4500 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നിർമ്മാണം പൂർത്തിയായ സുൽത്താൻതോട് പാലത്തിന്റെ അപ്രോച്ച് റോഡ് കനത്ത മഴമൂലം തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കൊരട്ടിയിൽ ഫ്ളൈ ഓവർ നിർമ്മാണം</u>

4501 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗതാഗതക്കുരുക്ക് രൂക്ഷമായ കൊരട്ടി ജംഗ്ഷനിൽ ഫ്ളൈ ഓവർ നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണ്ണൂർക്കടവ് പാലം</u>

4502 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണ്ണൂർക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണ്;

(ബി) നിർമ്മാണപ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; എന്നാണ് പ്രവൃത്തി ടെണ്ടർ ചെയ്തത്;

(സി) കരാറുകാരനുമായി എഗ്രിമെന്റ് വെച്ചത് എന്നാണ്: എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എപ്പോഴാണ്;

(ഡി) മണ്ണൂർക്കടവ് പാലം നിർമ്മാണപ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഇ) നിർമ്മാണപ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

മണക്കായികടവ് പാലം

4503 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായികടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണ്;

(ബി) നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; എന്നാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്;

(സി) കരാറുകാരുമായി എഗ്രിമെന്റ് വച്ചത് എന്നാണ്; എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എപ്പോഴാണ്;

(ഡി) മണക്കായികടവ് പാലം നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഇ) നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം</u>

4504 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) എന്നാണ് പ്രവൃത്തി ടെൻഡർ ചെയ്തത്;

(ഡി) കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയുണ്ടായോ; എഗ്രിമെന്റ് പ്രകാരം എന്നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>നബാർഡിന്റെ ധനസഹായത്തോടെ കോഴിക്കോട് ജില്ലയിലെ പാലങ്ങളുടെ നിർമ്മാണം</u>

4505 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പാലങ്ങളാണ് നബാർഡിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിരിക്കുന്നതതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പാലങ്ങൾക്കാണ് നബാർഡ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ആല - ഗോതുരുത്ത് പാലത്തിന്റെ നിർമ്മാണം</u>

4506 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആല - ഗോതുരുത്ത് പാലത്തിന്റെ നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ്;

(ബി) ഗോതുരുത്ത് ഭാഗത്തെ റീട്ടെയിനിങ് വാളിന്റേയും അപ്രോച്ച് റോഡിന്റേയും നിർമ്മാണത്തിന്റെ പദ്ധതി തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പാലം നിർമ്മാണം പൂർത്തീകരിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും അപ്രോച്ച് റോഡും, റീട്ടെയിനിങ് വാളും നിർമ്മിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഗോതുരുത്ത് പ്രദേശത്ത് റീട്ടെയിനിങ് വാളിനു പകരം സ്പാൻ നിർമ്മിച്ച് പാലത്തിന്റെ നീളം വർദ്ധിപ്പിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാതെ പാലം നിർമ്മിച്ചതിന്റെ സാംഗത്യം വ്യക്തമാക്കുമോ;

(എഫ്) ഗോതുരുത്ത് ഭാഗത്ത് റീട്ടെയിനിങ് വാളിനു പകരം രണ്ട് സ്പാൻ നിർമ്മിക്കുന്നതിന് എന്തു തുക ചെലവു വരുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പടന്ന - തോട്ടുകം - പാലം നിർമ്മാണം</u>

4507 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി കഴിഞ്ഞ സർക്കാർ ഫണ്ട് അനുവദിച്ച പടന്ന - തോട്ടുകം - പാലം നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>ടോൾ ഏർപ്പെടുത്തിയിട്ടുള്ള പാലങ്ങൾ</u>

4508

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടോൾ ഏർപ്പെടുത്തിയിട്ടുള്ള പാലങ്ങൾ ഏതൊക്കെയാണ്;

(ബി) ഓരോന്നും ടോൾ തുടങ്ങിയത് എപ്പോഴാണെന്നും നാളിതുവരെ എത്ര തുക പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്നും ഓരോ പാലത്തിന്റെയും നിർമ്മാണ ചെലവ് എത്ര രൂപയായിരുന്നു എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>പേരാവൂർ ആസ്ഥാനമായി പുതിയ ഓഫീസ്</u>

4509 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റോഡുകളുടെ ദൈർഘ്യവും പ്രദേശത്തിന്റെ വിസ്തൃതിയും കണക്കിലെടുത്ത് പേരാവൂർ ആസ്ഥാനമായി പുതിയ പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

കാലിക്കടവ് റെസ്റ്റ് ഹൗസില്‍ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി

4510 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കാസര്‍ഗോഡ് ജില്ലയിലെ കാലിക്കടവ് പി.ഡബ്ല്യു.ഡി. റെസ്റ്റ്ഹൗസില്‍ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ</u>

4511 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ലിഫ്റ്റ് ഓപ്പറേറ്റർമാർക്ക് പ്രൊമോഷൻ സാദ്ധ്യതയുണ്ടോ; എങ്കിൽ ഏത് തസ്തികയിലേക്കാണ് പ്രൊമോഷൻ ലഭിക്കുക; ഇല്ലെങ്കിൽ പ്രൊമോഷൻ നൽകാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് ഓപ്പറേറ്റർമാർക്ക് 13.6.1997 ലെ ജി.ഒ(ആർ.ടി) നം. 4712/97/ജി.എ.ഡി പ്രകാരം നൽകിയതുപോലെ പൊതുമരാമത്ത് വകുപ്പിലും പ്രൊമോഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) 9-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശയനുസരിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ Ratio between lift operator and lift supervisor will be 9:1 (Page no.96) എന്നു രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ച് പൊതുമരാമത്ത് വകുപ്പിലും ഈ റേഷ്യോ നടപ്പിലാക്കുമോ;

(ഡി) ഇക്കാര്യത്തിൽ നിവേദനമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു പ്രകാരം, പൊതുമരാമത്ത് വകുപ്പിലെ ലിഫ്റ്റ് ഓപ്പറേറ്റർമാർക്കും പ്രൊമോഷനുള്ള അവസരം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എൽ. എസ്. ജി. ഡി എൻജിനീയറിംഗ് വിഭാഗത്തിലേക്ക് മാറ്റം</u>

4512 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും എൽ. എസ്. ജി. ഡി എൻജിനീയറിംഗ് വിംഗ് മിനിസ്റ്റീരിയൽ വിഭാഗത്തിലേക്ക് സ്ഥിരമായി ഓപ്ഷൻ നൽകി എത്ര ജീവനക്കാർ വിടുതൽ വാങ്ങി പോയിട്ടുണ്ട്;

(ബി) ഓപ്ഷൻ നൽകിയവരുടെ എണ്ണം കുറവായതിനാൽ ജൂനിയർ ആയ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ എൽ. എസ്. ജി. ഡി യിലേക്ക് മാറ്റാൻ ഉത്തരവായിട്ടുണ്ടോ; വിടുതൽ വാങ്ങി പോയവരുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഓപ്ഷൻ നൽകിയിട്ട് ഇനിയും വിടുതൽ വാങ്ങാൻ തയ്യാറാകാത്തവരെ വിടുതൽ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ അഴിമതി, ക്രമക്കേട്</u>

4513 ശ്രീ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ അഴിമതി, ക്രമക്കേട് എന്നിവ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏര്‍പ്പെടുത്തിയിട്ടുള്ളത്;

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴില്‍ അഴിമതിയും ക്രമക്കേടും നടത്തിയതിന്റെ ഭാഗമായി ഏതെല്ലാം ഓഫീസുകളില്‍, ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരില്‍ ഈ സര്‍ക്കാര്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥന്റെ പേര്. തസ്തിക, എവിടെ ജോലി ചെയ്തു, നടപടികളുടെ സ്വഭാവം എന്നീ വിവരങ്ങള്‍ ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരന്‍
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂണ്‍ 18.

‘T’ ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയില്‍ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റില്‍ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]